ആയ ആളുകൾ തന്നെയാണ്. ഞാൻ സമ്മതിക്കുന്നു. അവാർഡ് കൊടുക്കുന്നതിൽ ആക്ഷേപങ്ങൾ വരും. എനിക്ക് അവാർഡിന് അർഹമെന്നു തോന്നുന്നത് അങ്ങേയ്ക്ക് തോന്നുന്നില്ല. ഓരോരുത്തർക്കും അതിനകത്ത് അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടായി എന്ന് വരും. എന്റെ സംശയം, ഇതിനകത്ത് അവാർഡ് കമ്മിറ്റിയിലെ ചില അംഗങ്ങൾ തന്നെ ഇതിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അന്ധന്റെ റോൾ അഭിനയിക്കുകയുണ്ടായി. ആ സംവിധായകൻ പടം സംവിധാനം ചെയ്തപ്പോൾ ഒരു കറുത്ത കൂളിംഗ് ഗ്ലാസ് എടുത്ത് കണ്ണിൽ ഫിറ്റ് ചെയ്ത് അഭിനയിക്കുമായിരുന്നു. അത് അദ്ദേഹത്തിന്റെ പഴയ സിനിമകൾ. അദ്ദേഹം അത് മനസ്സിൽ വച്ചുകൊണ്ട് അഭിപ്രായം പറയുന്നത് ശരിയല്ല. എന്റെ പ്രധാനപ്പെട്ട ചോദ്യം, ശ്രീമതി സായപരഞ്ജ്പൈക്ക് മലയാളം അറിയില്ല. അവരുടെ കഴിവിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അവാർഡ് കിട്ടിയ സിനിമയ്ക്കൊന്നും മലയാളം സബ് ടൈറ്റിൽ കൊടുത്തിരുന്നില്ല. മലയാളം സബ് ടൈറ്റിൽ കൊടുക്കാതെ ശ്രീമതി സായ്പരഞ്ജ്പൈയുടെ നേതൃത്വത്തിലുള്ള അവാർഡ് കമ്മിറ്റിക്ക് ഈ ശ്രീമതിയെ ബ്രീഫ് ചെയ്യാതെ എങ്ങനെ മനസ്സിലാക്കാൻ കഴിയും? ജനപ്രീതിയും ജനപ്രിയവും എന്നു പറഞ്ഞാൽ ജനങ്ങൾക്ക് ഇഷ്ടമാകുന്നതും കൂടുതൽ ജനങ്ങൾ കാണുന്നതുമാണ്. കൂടുതൽ ആളുകൾ കാണാത്ത സിനിമയ്ക്ക് ഇവിടെ ജനപ്രീതി സിനിമയ്ക്കുള്ള അവാർഡ് കൊടുത്തു. ഞാൻ ഈ അവാർഡു കമ്മിറ്റിയെ ആക്ഷേപിക്കുന്നില്ല. പക്ഷേ മലയാളം അറിയാത്ത, മലയാളം കണ്ടാലും കേട്ടാലും അറിയാത്ത എന്നാൽ സിനിമാ രംഗത്തെ പ്രഗത്ഭയായ ശ്രീമതി സായ്പരഞ്ജ്പൈക്കും മലയാള സിനിമയുടെ സബ് ടൈറ്റിൽ കൊടുക്കാതെ അവാർഡ് നിർണ്ണയിക്കുമ്പോൾ അപാകതകൾ ഉണ്ടെന്ന് പറഞ്ഞാൽ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ ; എന്തുകൊണ്ട് ഇത് സംഭവിച്ചു ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മറ്റു ഭാഷകളിലുള്ള ആളുകളും മലയാള ഭാഷയിലുള്ള സിനിമയെ അഭിനന്ദിക്കുന്നുണ്ട്. അഭിപ്രായം പറയുന്നുണ്ട്. ഭാഷാപരമായിട്ടുള്ള കാര്യങ്ങളെക്കാൾ കൂടുതൽ....അവർ മാത്രമല്ലല്ലോ കമ്മിറ്റിയിലുള്ളത്. കമ്മിറ്റിയിൽ മറ്റ് അംഗങ്ങളും ഉണ്ട്. ആ അംഗങ്ങളുമായിട്ട് ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് ഏകകണ്ഠമായാണ് അവർ ഈ അവാർഡ് പ്രഖ്യാപിച്ചത്.

ഒൻപതാം പഞ്ചവത്സരപദ്ധതിക്കാലത്ത് വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ

6 (*684) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെകാണുന്ന ചോദ്യങ്ങൾ വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യം ഇട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടി, പാഠ്യപദ്ധതിയുടെ പരിഷ്ക്കരണം എന്നീ കാര്യങ്ങളിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നീ വിഷയങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എന്തെങ്കിലും നേട്ടങ്ങൾ കൈവരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കേരള പഞ്ചായത്ത് മുനിസിപ്പൽ നിയമപ്രകാരം ഇതിനകം എത്ര ഹയർ സെക്കൻഡറി സ്കൂളുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി എന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് കൂടുതൽ സ്കൂളുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതായുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഒൻപതാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

1. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക ;
2. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പ്രൈമറി വിദ്യാഭ്യാസം നടപ്പിലാക്കുക ;
3. സെക്കണ്ടറി സ്കൂൾ തലത്തിൽ തൊഴിൽ പരിചയം നടപ്പിലാക്കുക ;
4. സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തുക ;
5. പ്രീഡിഗ്രി നിറുത്തലാക്കി സ്കൂൾ തലത്തിൽ പ്ലസ്ടു നടപ്പിലാക്കുക ;
6. എസ്. സി. ഇ. ആർ. ടി.-യെ ശക്തിപ്പെടുത്തുക ;
7. പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കായുള്ള പ്രത്യേക പരിശീലനം ;
8. എഡ്യൂക്കേഷൻ ടെക്നോളജി സ്കീം നടപ്പിലാക്കുക ;
9. ഹൈസ്കൂളുകളിലെ വിവിധ ക്ലാസുകളുടെ പുനർജീവിപ്പിക്കൽ ;
10. വികലാംഗർക്കായുള്ള ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ;

LIBRARY ARCHIVES Kerala Legislative Assembly

11. യു.പി., ഹൈസ്കൂൾ തലത്തിൽ മാത്സ്, സയൻസ് വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ ;

12. പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടി ;

13. കലാ സാഹിത്യ മത്സരങ്ങളിൽ സമർത്ഥരായ പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം ;

14. പഠനവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പരിപാടി ;

15. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം കോളേജ് വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവർക്ക് തുടർ വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക ;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം നടത്തിവരുന്നു. ഇതിന്റെ ഭാഗമായി വ്യാപകമായ അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

2. ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പഠന രീതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ ആറു ജില്ലകളിൽ (വയനാട്, മലപ്പുറം, കാസർഗോഡ്, തിരുവനന്തപുരം, ഇടുക്കി, പാലക്കാട്) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി. ഇ.പി) നടപ്പിലാക്കി വരുന്നു. ഡി.പി. ഇ.പി.യുടെ നേതൃത്വത്തിൽ രൂപീകരിച്ച എസ്.സി.ഇ.ആർ.ടി പരിഷ്ക്കരിച്ച പാഠ്യപദ്ധതിയാണ് സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസുകളിൽ നടപ്പിലാക്കി വരുന്നത്.

3. സെക്കണ്ടറി സ്കൂളുകളിൽ തൊഴിൽ പരിചയം അഭ്യസിപ്പിക്കുന്നതിന്റെ ഭാഗമായി 540-ഓളം അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും 3000-ഓളം കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സംസ്ഥാനതലത്തിൽ പ്രവൃത്തി പരിചയ എക്സിബിഷൻ സംഘടിപ്പിക്കുകയും ചെയ്തു.

4. സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അടുത്ത സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

5. പ്രീഡിഗ്രി കോളേജ് തലത്തിൽ നിന്നും വേർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ പ്ലസ്ടു കോഴ്സ് നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കി പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം, അദ്ധ്യാപക പരിശീലനം എന്നീ പരിപാടികൾ എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു.

7. പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുക, കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

8. ഹൈസ്കൂൾതലത്തിലെ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ടി.വി./വി.സി.പി. വിതരണം ചെയ്യുന്നതിനായുള്ള എഡ്യൂക്കേഷൻ ടെക്നോളജി സ്കീം നടപ്പിലാക്കി.

9. യു.പി. തലത്തിൽ മാത്സ്, സയൻസ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ശാസ്ത്ര സെമിനാറുകൾ, ക്വിസ് പരിപാടികൾ മുതലായവ നടത്തി വരുന്നു. കൂടാതെ ഏറ്റവും നല്ല സയൻസ് ക്ലബിന് ധനസഹായവും നൽകി വരുന്നുണ്ട്.

10. പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രത്യേക പരിപാടിയിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന ഏറ്റവും പ്രതിഭാധനരായ 340 വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പരിശീലനം നൽകി വരുന്നു.

11. സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന സമർത്ഥരായ കലാസാഹിത്യപരമായ കഴിവുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും അർഹരായ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി വരുന്നു.

12. തിരുവനന്തപുരത്ത് ശ്രീ ചിത്രാ ഇൻസ്റ്റിട്ട്യൂട്ടിന്റെ മേൽനോട്ടത്തിലാണ് പഠന വൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിപാടി നടപ്പിലാക്കി വരുന്നത്. പഠന വൈകല്യം കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ സ്കീം.

13. സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നിലവിൽ വന്നിട്ടുണ്ട്.

(സി) പാഠ്യപദ്ധതി പരിഷ്ക്കരിച്ചതിലൂടെ ക്ലാസ് മുറികളിലെ പഠനാന്തരീക്ഷം മെച്ചപ്പെട്ടു. അദ്ധ്യാപകന്റെ മനോഭാവത്തിലും വിദ്യാർത്ഥികളുടെ പഠന രീതിയിലും കാര്യമായ മാറ്റങ്ങളുണ്ടായി. ഈ മാറ്റങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള അദ്ധ്യാപക പരിശീലനം സംസ്ഥാനത്തെ മുഴുവൻ പ്രൈമറി അദ്ധ്യാപകർക്കും നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുവാനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്. പ്രൈമറിതലത്തിൽ നിലവിലിരിക്കുന്ന ഡി.പി.ഇ.പി. പദ്ധതി പ്രകാരം പഠന നിലവാരം ഏറെ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഡി.പി.ഇ.പി. പ്രകാരം സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയോഗപ്രദമാകുന്നുണ്ട്. ഡി.പി.ഇ.പി. ഇതര ജില്ലകളിൽ സമാനമായ അദ്ധ്യാപക പരിശീലനങ്ങളുടേയും, വിദ്യാഭ്യാസ വകുപ്പിന്റെയും അദ്ധ്യാപകരുടേയും ലോക്കൽ ബോഡികളുടെയും കൂട്ടായ്മയിലൂടെ അക്കാഡമിക് നിലവാരം ഏറെക്കുറെ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിലെ കെട്ടിട നിർമ്മാണ ജോലികൾ 1996-97 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ആവശ്യത്തിന് ഓരോ വർഷവും ഗവൺമെന്റ് ബഡ്ജറ്റിൽ തുക വകയിരുത്തി വരുന്നുണ്ട്.

(ഇ) 49 സർക്കാർ സ്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി.

(എഫ്) അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾക്ക് അനുസൃതമായി മേൽ നടപടികൾ സ്വീകരിക്കും.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: 9-ാം പഞ്ചവത്സരപദ്ധതി കാലത്ത് വിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങളെ സംബന്ധിച്ച് അങ്ങ് വിശദമായി പ്രതിപാദിക്കുകയുണ്ടായി. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചു എന്നതിനെ സംബന്ധിക്കുന്ന ഒരു റെവ്യൂ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്താണ് ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: ഒരു വർഷത്തിൽ പലവട്ടം നടത്തി കൊണ്ടിരിക്കുകയാണ്. അദ്ധ്യാപക പരിശീലനം 1997 മുതൽ നമ്മൾ നടപ്പാക്കി പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും ഉള്ള അദ്ധ്യാപകർക്കെല്ലാം ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി നടപ്പാക്കുന്നു. ഒരു വർഷം കൊണ്ട് അവസാനിക്കുകയില്ല. നിലവിലുള്ള കാര്യങ്ങൾ, പാഠ്യപദ്ധതി, അതു പോലെ നമ്മൾ എന്തൊക്കെ ലക്ഷ്യം വച്ചിരിക്കുന്നു ഈ കാര്യങ്ങളെക്കുറിച്ച് അദ്ധ്യാപകർക്ക് ഒരു അവബോധം ഉണ്ടാക്കാനുള്ള പരിശീലന പരിപാടി തുടരുകയാണ്. അതുമാത്രമല്ല, കമ്പ്യൂട്ടർ വിദ്യാഭ്യാസം ഉദ്ദേശിച്ചുകൊണ്ട് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. പിന്നത്തെ വിഷയം കരിക്കുലത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം 7-ാം ക്ലാസിൽ ഏർപ്പെടുത്തുന്നു. അമ്പതിനായിരം കമ്പ്യൂട്ടർ ആവശ്യമാണ്. അതിനുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കണം. കഴിഞ്ഞ അവധിക്കാലത്ത് മൈക്രോസോഫ്റ്റിന്റെ സഹായത്തോടുകൂടി ആയിരം അദ്ധ്യാപകരെ നമ്മുടെ പോളിടെക്നിക്കുകളിൽ പരിശീലിപ്പിക്കുകയുണ്ടായി. ഈ കാര്യം നിരന്തരമായി റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അങ്ങ് പ്രാഥമികതലത്തിലുള്ള മാറ്റത്തെ സംബന്ധിച്ചുള്ള പരിശോധനകൾ നടക്കുന്നതായി പറഞ്ഞു. ശരിയാണ്. എൽ.പി., യു.പി. മേഖലകളിൽ കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട്. അങ്ങ് അടക്കമുള്ള വിദ്യാഭ്യാസ രംഗത്തെ പ്രമുഖരായിട്ടുള്ള ആളുകൾ പല സന്ദർഭങ്ങളിൽ പരിശോധന നടത്തിയതായിട്ടുള്ള വാർത്തകൾ കാണുകയുണ്ടായി. ഡി.പി.ഇ.പി. നടപ്പിലാക്കുന്നതിൽ ഈ ആറ് ജില്ലകളിലെ എൽ.പി.യു.പി. സ്കൂളുകൾ ഒഴികെ ഹൈസ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്ന 5,6,7 അത്തരം ക്ലാസുകളിൽ ഈ പരിഷ്ക്കാരം വേണ്ടത്ര നല്ല നിലയിൽ നടത്തിയതായിട്ട് തോന്നുന്നില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ് : ഇവിടെ പ്രധാനമായും അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമാണ്. ഒരു പുതിയ പരിശീലനം ഏർപ്പെടുത്തുമ്പോൾ അത് ട്രാക്കിൽ ആകാൻ അല്പം സമയമെടുക്കും. അപ്പോൾ തുടർച്ചയായി 5, 6, 7 എന്നീ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് കുറെക്കൂടി പരിശീലനം കൊടുക്കേണ്ടതായിട്ടുണ്ട്. ഈ പരിശീലനത്തിന്റെ കുറവുകൊണ്ട് ചില പ്രശ്നങ്ങൾ ഉള്ളതായി ഗവൺമെന്റിന് അറിയാം. ഈ അവധിക്കാലത്തും പിന്നീട് തുടർച്ചയായും പരിശീലനം ഏർപ്പെടുത്തിക്കൊണ്ട് ഒന്നോ രണ്ടോ വർഷം കൊണ്ട് ഈ കുറവ് നികത്തുന്നതാണ്.

ശ്രീ. പി. വിശ്വൻ : സർ, അങ്ങ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ കുറിച്ച് ഇവിടെ പറഞ്ഞു. 652-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയായും ഈ വിഷയം സൂചിപ്പിച്ചു. ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ച് ഇംഗ്ലീഷ് ലിറ്ററേച്ചർ എടുത്ത, ബി.എഡ്. എടുത്തിട്ടുള്ള അദ്ധ്യാപകന്മാർ, അവരെ നിയമിക്കുന്ന കാര്യത്തിൽ അവർക്ക് പ്രാധാന്യം കൊടുക്കുന്ന കാര്യത്തിൽ കോടതിയുടെ നിർദ്ദേശം വല്ലതും ഉണ്ടായിരുന്നോ; ഇംഗ്ലീഷ് ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെല്ലാം നടപടികൾ ഉണ്ടായിട്ടുണ്ട് എന്നും പറയാമോ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇംഗ്ലീഷ് അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ പ്രത്യേകിച്ച് പ്രൈമറി കഴിഞ്ഞ് അപ്പർ പ്രൈമറിയിലും ഹൈസ്കൂളിലും പഠിപ്പിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപകരുടെ ക്വാളിഫിക്കേഷൻ പരിഷ്ക്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. പി. വിശ്വൻ : സർ, ഗുണനിലവാരത്തെക്കുറിച്ചു തന്നെയാണ് എനിക്ക് വീണ്ടും ചോദിക്കാനുള്ളത്. 10-ാം ക്ലാസിൽ എത്തുമ്പോൾ തോൽക്കാനുള്ള പ്രധാനപ്പെട്ട കാരണം അതിൽ നല്ലൊരു ശതമാനം നിരക്ഷരരാണ്. അക്ഷരം അറിയാത്ത കുട്ടികളാണ്, അക്കമറിയാത്തവരും ഉണ്ട്. ഇത് രണ്ടുമുണ്ട്. ഇത് ഒഴിവാക്കിയെടുക്കാൻ സർക്കാർ വല്ല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഓരോ ക്ലാസിലും ഒരു ലവൽ ഓഫ് അറ്റെയിൻമെന്റ് ടാർജറ്റ് ഉണ്ട്. മുൻപ് നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടി എന്തൊക്കെ പഠിച്ചിരിക്കണം എന്ന് നോക്കിയിരുന്നില്ല. ഇപ്പോൾ അത് സ്ട്രിക്ടായിട്ട് നോക്കുന്നു. ഓരോ ക്ലാസിലും വിലയിരുത്തുന്നു. നാലാം ക്ലാസിൽ പരീക്ഷ എഴുതുന്ന കുട്ടി പഠിക്കേണ്ട കാര്യങ്ങൾ പഠിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തി അവരെ ആ ലെവലിലേക്ക് കൊണ്ടുവരാനുള്ള വളരെ സംഘടിതമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly